# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഡെപ്യൂട്ടി ദേവസ്വം കമ്മീഷ്ണർ ആഫീസ്, ഫോർട്ട്, തിരുവനന്തപുരം – 23, ഫോ – 04712464022.

ആർ.ഒ.സി.നം.05/2025/എസ്റ്റാ/ലേലം. dydcotvpmtdb@gmail.com 24/02/2025

## റീ ഇ–ടെൻഡർ പരസ്യം

തിരുവനന്തപുരം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ അധികാര പരിധിയിയിൽ വരുന്ന വർക്കല ഗ്രൂപ്പിൽപ്പെട്ട ദേവസ്വങ്ങളിലെ 2025 വർഷത്തെ ശാർക്കര ദേവസ്വം മീനഭരണി തറലേലം (23/03/2025 മുതൽ 26/05/2025 വരെ , 65 ദിവസം) , നാവായിക്കുളം ദേവസ്വം ഉത്സവ തറലേലം ( 25.04.2025 മുതൽ 04.05.2025 വരെ, 10 ദിവസം) എന്നിവ റീ–ഇ–ടെൻഡർ വഴി ആളേർപ്പെടുത്താൻ നിശ്ചയിച്ചിട്ടുള്ളതാണ്. ഓരോ ഇനത്തിനും നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യവും, ടെൻഡറും ഓൺലൈനായി 24.02.2025 ഉച്ചയ്ക്ക് 02.00 മണി മുതൽ 28.02.2025 ഉച്ചയ്ക്ക് 02.00 മണി വരെ സമർപ്പിയ്ക്കാവുന്നതാണ്. മിനിമം ക്വാട്ട് ചെയ്യേണ്ട തുകേയേക്കാൾ കുറഞ്ഞ തുക ക്വാട്ട് ചെയ്യുവാൻ പാടുള്ളതല്ല.കൂടാതെ ദേവസ്വം ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേല നിബന്ധനകളും , ചുവടെ വിവരിയ്ക്കുന്ന നിർദ്ദേശങ്ങളും പാലിയ്ക്കേണ്ടതാണ്. ടെൻഡറിൽ പങ്കെടുക്കുന്നവർ https/etenders.kerala.gov.in എന്ന ടെൻഡർ സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഇ–ടോക്കൻ ഉപയോഗിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നടത്തേണ്ടതാണ്. ഇ–ടോക്കണുകൾ SIFY/TCS/ncode തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.

1. കുത്തക ഏറ്റെടുക്കുന്നവരിൽ നിന്നും ലേല തുക ഈടാക്കുമ്പോൾ നിയമ പ്രകാരം ഈടാക്കേണ്ട ജി.എ സ്.റ്റി തുക കൂടി കുത്തകകാരിൽ നിന്നും ഈടാക്കേണ്ടതാണ്. യഥാസമയം ജി.എസ്.റ്റി പിടുത്തം വരുത്തിയതിന് ശേഷം ഇ.എം.ഡി തുക തിരികെ ലഭ്യമാക്കുന്നതിന് റിപ്പോർട്ട് ലഭ്യമാക്കാവൂ. കൂടാതെ കുത്തക സംബന്ധിച്ച് സർക്കാരിലേയ്ക്ക് ജി.എസ്.റ്റി ഉൾപ്പെടെ എന്തെങ്കിലും നികുതി ഒടുക്കേണ്ടതുള്ളപക്ഷം ആയത് കുത്തകക്കാരൻ ടി നികുതി നേരിട്ട് ഒടുക്കുന്നതിന് ബാധ്യസ്ഥനാണ്. കുത്തകക്കാരന് സർക്കാരിലേയ്ക്ക് നികുതി ഇനത്തിൽ എന്തെങ്കിലും തുക അടയ്ക്കേണ്ടിവരുന്ന പക്ഷം ആയത് കുത്തകക്കാരന്റെ സ്വന്തം ചെലവിൽ അടയ്ക്കേണ്ടതാണ്.
2. കുത്തകക്കാരൻ കുത്തക ആരംഭിയ്ക്കുന്നതിന് മുൻപായി മുറപ്രകാരം എഗ്രിമെന്റ് വയ്ക്കേണ്ടതാണ്.
3. ക്ഷേത്രാചാര മര്യാദകൾക്ക് വിരുദ്ധമായ യാതൊരു വിധ പ്രവർത്തികളും ടി സ്ഥലത്ത് അനുവദിക്കുന്നതല്ല.
4. കുത്തകക്കാർ യഥാക്രമം സർക്കാർ, പഞ്ചായത്ത് നിഷ്കർഷിച്ചിരിക്കുന്ന രീതിയിൽ മാലിന്യങ്ങൾ ക്ഷേത്ര പരിസരത്ത് നിന്നും ഭക്തജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ നീക്കം ചെയ്യേണ്ടതാണ്.
5. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ഡിപ്പാർട്ട്മെന്റിന് ഉണ്ടാകുന്ന എല്ലാ വിധ ബാധ്യതകളും കുത്തകാവകാശക്കാരനിൽ നിന്നും ഈടാക്കുന്നതാണ്.

**2025 വർഷത്തെ വർക്കല ദേവസ്വത്തിലെ ശാർക്കര ദേവസ്വം മീനഭരണിതറ ലേലം ,**

**നാവായിക്കുളം ഉത്സവ തറലേലത്തിനുള്ള ഇ.ടെൻഡർ.**

| നം. | ഗ്രൂപ്പ് | ദേവസ്വം | ഇനം | മുൻ വർഷം ലേലം പോയ തുക | മിനിമം ക്വാട്ട് ചെയ്യേണ്ട തുക | ഇ.എം.ഡി |
|---|---|---|---|---|---|---|
| 1 | വർക്കല | ശാർക്കര | മീന ഭരണി തറ ലേലം | 91,32,151 | 10045366 | 1004537 |
| | | നാവായിക്കുളം | ഉത്സവ തറ ലേം | 11,53,000 | 1268300 | 126830 |

ടി ലേലങ്ങൾ സംബന്ധിച്ചും പൊതു വിജ്ഞാപനം / സ്പെഷ്യൽ നിബന്ധന എന്നിവ സംബന്ധിച്ചുമുള്ള കുടുതൽ വിവരങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ www.travancore devaswom board-or-www.e.tenders, kerala.gov.in- വെബ്സൈറ്റ് വഴിയോ, തിരുവനന്തപുരം ഡെപ്യൂട്ടി ദേവസ്വം കമ്മീഷ്ണർ ആഫീസിൽ നിന്നോ, അറിയുവാൻ കഴിയുന്നതാണ്. ലേലം സ്ഥിരപ്പെടുത്തുന്നതും, നിരാകരിയ്ക്കുന്നതും ഡിപ്പാർട്ടമെന്റിൻെറ യുക്തംപോലെ ആയിരിയ്ക്കുന്നതും, ലേലവ്യവസ്ഥകൾ ഡിപ്പാർട്ട്മെന്റ് തിരുമാനിയ്ക്കുന്നതു മാണ് .

01.03.2025 തീയതിയിൽ ഉച്ചയ്ക്ക് 02 മണിയ്ക്ക് തിരുവനന്തപുരം ഡെപ്യൂട്ടി ദേവസ്വം കമ്മീഷ്ണർ ആഫീസിൽ വച്ച് നടപടി സ്വീകരിയ്ക്കുന്നതാണ്.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസ്, തിരുവനന്തപുരം – 0471 – 2464022.

ദേവസ്വം കമ്മീഷണർ ആഫീസ് – 0471 – 2315156

വിശ്വസ്തതയോടെ,

(ഒപ്പ്)

പി.ജയറാം പരമേശ്വരൻ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ

തിരുവനന്തപുരം.

24.02.2025 ഉച്ചയ്ക്ക് 02 മണി മുതൽ 28.02.2025 ഉച്ചയ്ക്ക് 2 മണി വരെ

ഇ.ടെൻഡർ ഓപ്പണിംഗ് – 01.03.2025 ഉച്ചയ്ക്ക് 02 മണിയ്ക്ക്.